# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 495 — 19/11/2019-ൽ മറുപടിക്ക്

## ചെറുകിട വൈദ്യുതോല്പാദന രംഗത്തെ നേട്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ടി.ജെ. വിനോദ്**<br>**,, എ.പി. അനിൽ കുമാർ**<br>**,, ഷാഫി പറമ്പിൽ**<br>**,, ഐ.സി.ബാലകൃഷ്ണൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ചെറുകിട വൈദ്യുതോല്പാദനരംഗത്ത് കൈവരിച്ചിട്ടുള്ള നേട്ടം എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ. ന്റെ കീഴിൽ വെള്ളത്തൂവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുമായി ആകെ 12.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കുവാൻ സാധിച്ചു<br>ഇടുക്കി ജില്ലയിലെ 3.6 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി 08.09.2016-ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം 12.17 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. പത്തനംതിട്ട ജില്ലയിലെ 6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി 03.06.2017 മുതൽ വൈദ്യുതി ഉൽപാദനം ആരംഭിച്ചു ഈ പദ്ധതി 23.10.2017 ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം 25.77 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. കോഴിക്കോട് ജില്ലയിലെ 3 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി 16.07.2018 ൽ കമ്മീഷൻ ചെയ്തു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം 10.39 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും.<br>കൂടാതെ 93.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 7 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇവയിൽ ചെറുകിട ജല വൈദ്യുത പദ്ധതികളായ ഭൂതത്താൻകെട്ട് (24 MW), പൊരിങ്ങൽകുത്ത് (24 MW), അപ്പർ കല്ലാർ (2 MW), ചാത്തങ്കോട്ടുനട-II (6 MW), പഴശ്ശി സാഗർ (7.5 MW), ചിന്നാർ (24 MW) പെരുവണ്ണാമൂഴി (6 MW) എന്നിവ ഉൾപ്പെടും. |

| | | | |
|---|---|---|---|
| | | | ഇതിൽ കണ്ണൂർ ജില്ലയിലെ 7.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന പഴശ്ശിസാഗർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 27.10.2017 ൽ ആരംഭിച്ചു. ഈ പദ്ധതിയിൽ നിന്നും പ്രതിവർഷം 25.16 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. 24 മെഗവാട്ട് സ്ഥാപിതശേഷിയുള്ള ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 19.3.2018 ൽ ആണ് ആരംഭിച്ചത്. പദ്ധതിയുടെ വാർഷിക ഉല്പാദനശേഷി 76.45 ദശലക്ഷം യൂണിറ്റാണ്. കോഴിക്കോട് ജില്ലയിലെ 6 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം 25.5.2018 ൽ ആരംഭിച്ചു. പദ്ധതി പൂർത്തിയാകുന്നതു വഴി പ്രതിവർഷം 24.7 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയും. ഇടുക്കി ജില്ലയിലെ 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള അപ്പർ കല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 12.08.2016-ൽ ആരംഭിച്ചു. 2020 മാർച്ച് മാസം കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതി പൂർത്തിയാകുന്നതു വഴി 5.14 ദശലക്ഷം യൂണിറ്റ് വൈദ്യുതി പ്രതിവർഷം ഉല്പാദിപ്പിക്കുവാൻ കഴിയും.<br>സ്വകാര്യമേഖലയിൽ സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കിയ ചെറുകിട ജലവൈദ്യുത പദ്ധതി നയം 2012 പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകർക്ക് ബൂട്ട് അടിസ്ഥാനത്തിൽ പദ്ധതികൾ അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനോടകം ഏകദേശം 200 MW ന്റെ ചെറുകിട ജലവൈദ്യുത പദ്ധതികൾ (25 MW വരെ സ്ഥാപിതശേഷിയുള്ള) കെ.എസ്.ഇ.ബിയുടെയും സ്വകാര്യമേഖലയുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വകയായി നടപ്പിലാക്കി വൈദ്യുതോല്പാദനം നടത്തിവരുന്നു.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ ഇത്തരത്തിൽ 20 പദ്ധതികളിലായി 47.4 MW സ്ഥാപിതശേഷിയുള്ള പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br>പാലക്കാട് ജില്ലാപഞ്ചായത്തും മറ്റ് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളും ഓഹരി ഉടമകളായി തുടങ്ങിയ പാലക്കാട് സ്മാൾ ഹൈഡ്രോ പവ്വർ കമ്പനി മുഖാന്തിരം 3 MW ന്റെ മീൻവല്ലം ചെറുകിട ജലവൈദ്യുതപദ്ധതിയിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിച്ച് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ കെ.എസ്.ഇ.ബി യ്ക്ക് നല്കിവരുന്നു. കൂടാതെ മാങ്കുളം പഞ്ചായത്തിന്റെ 110 kW മൈക്രോ ജലവൈദ്യുത പദ്ധതിയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിച്ച് |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി. യ്ക്ക് നൽകി വരുന്നു. 2018-ലെ പ്രളയത്തിൽ നശിച്ച ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 50 kW ന്റെ മൈക്രോജലവൈദ്യുത പദ്ധതി പുനരുജ്ജീവിപ്പിക്കുവാനുള്ള നടപടികൾ ആലോചനയിലാണ്. ഇത്തരം പദ്ധതികളിൽ നിന്ന് ലഭിക്കുന്ന വരവ് പഞ്ചായത്തുകളിലെ വികസന പ്രവർത്തനത്തിന് ഉപയോഗിച്ചുവരുന്നു. മാത്രമല്ല ഈ പദ്ധതികളുടെ ദൈനംദിന നടത്തിപ്പ് തദ്ദേശീയരായ ആളുകൾ മുഖാന്തിരമാണ്. അതിനാൽ ചെറിയ തോതിൽ തൊഴിൽ സാധ്യതയും ഇത്തരം പദ്ധതികൾ മൂലം വന്നുചേരുന്നു.<br>ഒരു കിലോ വാട്ട് മുതൽ 5 കിലോവാട്ട് വരെ സ്ഥാപിതശേഷിയുള്ള 125 പീക്കോ ജലവൈദ്യുത ടർബൈനുകൾ കേന്ദ്ര സർക്കാരിന്റെ സബ്സിഡിയോടുകൂടി ഗുണഭോക്താക്കൾ വഴി ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.<br>മറയൂരിൽ ഈച്ചാംപെട്ടി വനമേഖലയിലുള്ള ഒറ്റപ്പെട്ടു കിടക്കുന്ന ആദിവാസികോളനിയിൽ 4 കിലോവാട്ട് പദ്ധതിയിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിച്ച് ഒരു മൈക്രോഗ്രിഡ് വഴി വൈദ്യുതവിതരണം നടത്തി വരുന്നു. ചിന്നാർ വന്യമൃഗ സങ്കേതത്തിനുള്ളിലുള്ള തായണ്ണംകുടി ആദിവാസികോളനിയിൽ ഏകദേശം 60 കുടുംബങ്ങൾക്ക് മൈക്രോഗ്രിഡിന്റെ സഹായത്താൽ 3 കിലോവാട്ട് ജലവൈദ്യുത പദ്ധതി വഴി വൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. |
| (ബി) | ചെറുകിട വൈദ്യുതോല്പാദന മേഖലയിൽ മുൻ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; അതിൽ ഈ സർക്കാർ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളിൽ 24 മെഗാവാട്ടിന്റെ ഭൂതത്താൻകെട്ട് ജലവൈദ്യുത പദ്ധതിയും 24 മെഗാവാട്ടിന്റെ പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയും മുൻ സർക്കാരിന്റെ കാലത്ത് (2011-16) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചവയാണ്.<br>ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുന്നു. ടി പദ്ധതികൾ സമയബന്ധിതമായി തീർക്കുവാൻ ഈ സർക്കാർ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഇതിനു പുറമെ 2015 മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങി കിടന്നിരുന്ന ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി - 6 MW പുനരാരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഈ പദ്ധതി 2020 ഡിസംബറിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ഈ മേഖലയിലെ അനാസ്ഥ വൈദ്യുതി മേഖലയിൽ പ്രതി | (സി) | ഈ മേഖലയിൽ അടിയന്തിര നടപടികൾ എടുത്തു വരുന്നതിനാൽ, ഭൂരിപക്ഷം ചെറുകിട പദ്ധതികളും |

| | | | |
|---|---|---|---|
| | സന്ധി സൃഷ്ടിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | സമയബന്ധിതമായി പൂർത്തീകരിച്ചു വരികയാണ്. ഇവയെല്ലാം പൂർത്തീകരിച്ചു കഴിഞ്ഞാലും കേരളത്തിന്റെ വൈദ്യുത ആവശ്യം നിറവേറ്റാൻ പുറത്തുനിന്നും വൈദ്യുതി വാങ്ങേണ്ടി വരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.<br>സ്വകാര്യമേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതലും വനമേഖലകളിൽ ആയതിനാൽ വനസംരക്ഷണ നിയമം ഈ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഇത്തരം പദ്ധതികൾക്കാവശ്യമായ സ്ഥലത്തിന്റെ ലഭ്യതയും വിലയും ഒരു പരിധിവരെ പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്. സൗരോർജ്ജം, കാറ്റ് എന്നീ പദ്ധതികൾ കൂടുതൽ വ്യാപിക്കുന്നതിനാൽ കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം മൂലം അവയിൽ നിന്നുള്ള ഉത്പാദനക്കുറവ് ഒരു പരിധി വരെ ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ നേരിടാൻ സാധിക്കും. |
| (ഡി) | വൈദ്യുതോല്പാദന പദ്ധതികൾ നടപ്പിലാക്കുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സംരംഭകർക്കും പ്രോത്സാഹനം നൽകുന്ന നയം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. 2012 ചെറുകിട ജലവൈദ്യുത പദ്ധതി നയം രൂപീകരിക്കുകയും ഇതിൻ പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുവദിച്ച് നൽകിയിട്ടുണ്ട്.<br>അടിസ്ഥാന സൗകര്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് പുതിയ വൈദ്യുതനയം 2019 രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കരട് നയം പ്രസിദ്ധീകരിക്കുകയും ആയതിന്മേലുള്ള പൊതു അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്. നിയന്ത്രണങ്ങൾ ഇല്ലാതെ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത ഇടതടവില്ലാതെ നിർവ്വഹിക്കുക എന്നതാണ് കരട് വൈദ്യുത നയത്തിലെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്ന്. ഇതിന്റ ഭാഗമായി പുനരുപയോഗ ഊർജ്ജ മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് കരട് നയം വിഭാവനം ചെയ്യുന്നുണ്ട്.<br>കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സ്വകാര്യ സംരംഭകരോ നടപ്പിലാക്കുന്ന വൈദ്യുതോൽപാദന പദ്ധതികളിൽ നിന്ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന വിലയിൽ വൈദ്യുതി വാങ്ങാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനു നിയമപരമായ ബാധ്യതയുണ്ട്. |

സെക്ഷൻ ഓഫീസർ